
കെ.എം അബ്ദുൽ അഹദ് തങ്ങൾ



# ജമാഅത്തെ ഇസ്‌ലാമി വളർച്ചയുടെ പടവുകൾ

**1950–'60** കാലം ജമാഅത്തെ ഇസ്‌ലാമിക്ക് കേരളത്തിൽ വളർച്ചയുടെ നിർണായകമായ ഒരു ഘട്ടമായിരുന്നു. മതവേദികളിൽനിന്നുള്ള വിമർശനങ്ങളെ നേരിട്ടുകൊണ്ടാണ് ആ കാലഘട്ടത്തിൽ പ്രസ്ഥാനം മുന്നോട്ടു പോയത്. പ്രസ്ഥാനത്തിലേക്ക് കൂടുതൽ ആളുകൾ ആകൃഷ്ടരാവുകയും കേരളത്തിന്റെ, വിശേഷിച്ച് മലബാറിന്റെ നാനാഭാഗങ്ങളിലും ഹൽഖകൾ രൂപീകരിക്കപ്പെടുകയും ചെയ്തതോടെ നാല് പ്രവർത്തന ജില്ലകളായി വിഭജിക്കുകയും നാല് നാസിമുമാരെ നിശ്ചയിക്കുകയും ചെയ്തു. മജ്‌ലിസുന്നുഖ്ബയുടെ രൂപീകരണം, പ്രിന്റിംഗ് പ്രസിന്റെ തുടക്കം, കൂടുതൽ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം തുടങ്ങിയവയൊക്കെ ഈ ഘട്ടത്തിലായിരുന്നു.

## മജ്‌ലിസുന്നുഖ്ബ

1951 ഓഗസ്റ്റ് 12-ന് മലപ്പുറം ജില്ലയിലെ കൊടിഞ്ഞിയിൽ ചേർന്ന ജമാഅത്തിന്റെ ഒരു ത്രൈമാസ യോഗത്തിലാണ് 'മജ്‌ലിസുന്നുഖ്ബ' രൂപീകരിക്കപ്പെട്ടത്. "കേരള

ത്തിൽ ജമാഅത്തിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനും ഏകീകൃതമായി നടത്താനുംവേണ്ടി കേന്ദ്രത്തിൽ ഒരു പരിശീലന ക്ലാസ് നടത്തുകയും പരിശീലനം സിദ്ധിച്ച ഒരു പ്രചാരണ സംഘത്തെ കേന്ദ്രം തെരഞ്ഞെടുക്കുകയും ചെയ്യേണ്ടതാണ്" എന്ന ഒരു പ്രമേയം യോഗത്തിൽ അവതരിപ്പിക്കുകയുണ്ടായി. പ്രസ്തുത പ്രമേയത്തെ തുടർന്നാണ് 'മജ്‌ലിസുന്നുഖ്ബ' എന്ന പേരിൽ ഒരു പഠനസംഘം രൂപീകരിച്ചത്. പന്ത്രണ്ട് അംഗങ്ങളെയാണ് മജ്‌ലിസുന്നുഖ്ബയിലേക്ക് തെരഞ്ഞെടുത്തത്.

1. വി.കെ ഇസ്സുദ്ദീൻ മൗലവി
2. കെ.സി അബ്ദുല്ല മൗലവി
3. എം. അബ്ദുല്ലക്കുട്ടി മൗലവി
4. ടി. മുഹമ്മദ് മൗലവി
5. എ.കെ അബ്ദുൽഖാദിർ മൗലവി
6. യു.കെ ഇബ്‌റാഹീം മൗലവി
7. കെ. മൊയ്തു മൗലവി
8. എൻ.കെ അബൂബക്കർ മൗലവി
9. എം. അലവിക്കുട്ടി മൗലവി
10. പി.വി കുഞ്ഞിമൊയ്തീൻ മൗലവി
11. മൗലവി കെ.എ ശർഖി
12. എം.പി അബ്ദുൽഹമീദ് മൗലവി

ഇസ്‌ലാമിക പ്രവർത്തകരുടെ പരിശീലന കളരിയായിരുന്നു മജ്‌ലിസുന്നുഖ്ബ. ഇസ്‌ലാമിക വിഷയങ്ങൾ ആഴത്തിൽ പഠിക്കാനും ചർച്ച ചെയ്ത് സംശയനിവാരണം നടത്താനും പ്രസംഗ– പ്രവർത്തന കഴിവുകൾ വളർത്താനുമുള്ള വേദിയായിരുന്നു അത്. തെരഞ്ഞെടുക്കപ്പെട്ട പ്രവർത്തകരും താൽപര്യമുള്ള മറ്റ് കുറച്ചുപേരും പങ്കെടുക്കുന്ന പഠനക്യാമ്പ് ഓരോ മാസവും പ്രത്യേക സ്ഥലങ്ങളിൽ നടക്കുമായിരുന്നു. ഖുർആൻ പഠനക്ലാസ്, അതുസംബന്ധിച്ച നിരൂപണാത്മകമായ ചർച്ച, പ്രധാനപ്പെട്ട വിഷയങ്ങളുടെ അവതരണവും ചർച്ചയും, പ്രവർത്തകരുടെ ഒരു മാസത്തെ പ്രവർത്തന റിപ്പോർട്ട് അവതരണവും വിലയിരുത്തലും, സ്‌ക്വാഡ്, പൊതുയോഗം തുടങ്ങിയവയായിരുന്നു നുഖ്ബാ യോഗത്തിന്റെ അജണ്ട. വൈജ്ഞാനികവും വൈകാരികവുമായ അനുഭവവും അനുഭൂതിയും പകരുന്ന നുഖ്ബാ യോഗങ്ങൾ, നല്ല തർബിയത്തും പ്രവർത്തകർക്ക് നൽകുമായിരുന്നു.

കെ. അബ്ദുസ്സലാം മൗലവി, എസ്.എം ഹനീഫ സാഹിബ്, കുഞ്ഞവറാൻ മാസ്റ്റർ തിരൂർ, താജുദ്ദീൻ സാഹിബ് എടപ്പാൾ, പള്ളുരുത്തിഹാജി, ടി.കെ മുഹമ്മദ് തായിക്കാട്ടുകര തുടങ്ങിയവരും ഞാനും മജ്‌ലിസുന്നുഖ്ബയിൽ പങ്കെടുക്കാറുണ്ടായിരുന്നു.

## പാഠ്യപദ്ധതി തയാറാകുന്നു

ജമാഅത്ത് മദ്‌റസാ പാഠ്യപദ്ധതിയും പുസ്തകങ്ങളും തയാറാക്കാൻ തീരുമാനിച്ചതും 1951 ആഗസ്റ്റിലെ കൊടിഞ്ഞി യോഗത്തിലായിരുന്നു. ജമാഅത്ത് അംഗങ്ങളും ചില പ്രാദേശിക ഘടകങ്ങളും മറ്റും ചെറിയ രീതിയിലാണെങ്കിലും അക്കാലത്ത് മദ്‌റസകൾ നടത്തിയിരുന്നു. അത്തരം മദ്‌റസകളിലെ പ്രാഥമിക ക്ലാസുകളിലേക്ക് യോജിച്ച ഒരു പാഠ്യപദ്ധതി തയാറാക്കാൻ തീരുമാനിക്കുകയും ഉത്തരവാദിത്വം മജ്‌ലിസുന്നുഖ്ബയെ ഏൽപിക്കുകയും ചെയ്തു. ഒരർഥത്തിൽ 'മജ്‌ലിസുത്തഅ്‌ലീമിൽ ഇസ്‌ലാമി' എന്ന, ഇന്നത്തെ വിദ്യാഭ്യാസ വേദിയുടെ അനൗപചാരിക

മായ തുടക്കമായിരുന്നു അതെന്ന് പറയാം.

അടുത്തമാസം ചേർന്ന മജ്‌ലിസുന്നുഖ്ബായോഗം ജമാഅത്ത് പ്രവർത്തകരും ഘടകങ്ങളും നടത്തുന്ന മദ്റസകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും ഒരു പാഠ്യ പദ്ധതിയും പാഠപുസ്തകങ്ങളും തയാറാക്കാനും പ്രായോഗികരൂപം കണ്ടു. പ്രാഥ മിക ക്ലാസുകളുടെ പാഠ്യപദ്ധതിയുടെ കരട്‌രൂപവും തയാറാക്കി.

## മജ്‌ലിസുശൂറായിലേക്ക്

1952 മാർച്ചിൽ മുള്ള്യാകുർശിയിൽ ചേർന്ന സമ്മേളനത്തിൽ പുതിയ മജ്‌ലി സുശൂറായുടെ തെരഞ്ഞെടുപ്പ് നടന്നു. കെ.സി അബ്ദുല്ല മൗലവി, ടി. മുഹമ്മദ്, മുഹമ്മദ് ത്വാഈ, കെ. ഇമ്പിച്ചമ്മദ്, എ.കെ അബ്ദുൽഖാദിർ, സി.എം മൊയ്തീൻകു ട്ടി, അബ്ദുർറഹ്മാൻ അസ്ഗറലി എന്നീ ഏഴുപേരായിരുന്നു മജ്‌ലിസുശൂറായിലെ അംഗങ്ങൾ. കൂടാതെ, വി.കെ.എം ഇസ്സുദ്ദീൻ മൗലവിയും പ്രത്യേക ക്ഷണപ്രകാരം ശൂറയിൽ പങ്കെടുക്കണമെന്നായിരുന്നു തീരുമാനം.

ഒരു വർഷത്തേക്കായിരുന്നു ആദ്യ ഘട്ടത്തിൽ മജ്‌ലിസുശൂറയെ തെരഞ്ഞെടു ക്കാറുണ്ടായിരുന്നത്. 1953 ലാണ് ഞാൻ മജ്‌ലിസുശൂറയിലേക്ക് തെരഞ്ഞെടുക്കപ്പെ ട്ടത്. മുൻ ശൂറയിലെ കെ. ഇമ്പിച്ചമ്മദ്, അസ്ഗറലി സാഹിബ്, സി.എം മൊയ്തീൻകുട്ടി സാഹിബ് എന്നിവർ '53ലെ ശൂറയിൽ ഉണ്ടായിരുന്നില്ല, മറ്റുള്ളവർ തുടർന്നു.

ജമാഅത്തിന്റെ കേരള അധ്യക്ഷന് 'ഖയ്യിം' എന്നാണ് ആദ്യം ഉപയോഗിച്ചിരു ന്നത് എന്ന് നേരത്തെ സൂചിപ്പിച്ചിരുന്നല്ലോ. ആ പ്രയോഗം മാറ്റി, 'അമീർ' എന്ന പേര് ഉപയോഗിക്കാനാരംഭിച്ചത് 1953 ഏപ്രിൽ മാസത്തിലാണ്. ജമാഅത്തിന്റെ അഖി ലേന്ത്യാ കേന്ദ്രമായ റാംപൂരിൽ 1953 ഏപ്രിൽ മാസത്തിൽ ചേർന്ന കേന്ദ്ര മജ്‌ലിസു ശൂറായോഗത്തിലാണ് ഹാജി വി.പി മുഹമ്മദലി സാഹിബിനെ കേരള ശാഖയുടെ അമീറായി അഖിലേന്ത്യാ അമീർ മൗലാനാ അബുല്ലൈസ് സാഹിബ് നിശ്ചയിച്ചത്. ടി. മുഹമ്മദ് മൗലവിയെ ഖയ്യിമായും തീരുമാനിച്ചു. അഖിലേന്ത്യാ നേതൃത്വത്തിന്റെ മേൽനോട്ടത്തിൽ ഓരോ സംസ്ഥാനത്തിനും പ്രത്യേകം മജ്‌ലിസുശൂറകൾ രൂപീക രിക്കാൻ തുടങ്ങിയതും അതേ വർഷത്തിൽ തന്നെ. അപ്രകാരം തെരഞ്ഞെടുക്കപ്പെട്ട കേളത്തിലെ ആദ്യ മജ്‌ലിസുശൂറയിൽ കെ.സി, ഇസ്സുദ്ദീൻ മൗലവി, അബുൽ ജലാൽ മൗലവി, എ.കെ എന്നിവരും ഞാനുമായിരുന്നു അംഗങ്ങൾ. പിന്നീട് ചില വ്യത്യാസ ങ്ങളോടെ ഓരോ പ്രവർത്തന കാലയളവിലും മജ്‌ലിസുശൂറ തെരഞ്ഞെടുക്കപ്പെട്ടു പോന്നു. അവയോരോന്നും ഇവിടെ വിശദീകരിക്കേണ്ടതില്ലല്ലോ.

## ഫർഖകൾ നിലവിൽ വരുന്നു

1952 മാർച്ചിലാണ് വിവിധ പ്രദേശങ്ങളിലെ ജമാഅത്ത് ഘടകങ്ങളെ കൂട്ടിയി ണക്കിക്കൊണ്ട് 'ഫർഖ'കൾ രൂപീകരിച്ചത്. ഇന്ന് ജില്ലാ കമ്മിറ്റികൾക്കു താഴെ 'മേഖ ല, ഏരിയ' തുടങ്ങിയ ഘടനകൾ പോലെയായിരുന്നു അന്ന് 'ഫർഖ'കൾ. പന്ത്രണ്ട് ഫർഖകളാണ് ആദ്യം രൂപീകരിക്കപ്പെട്ടത്. പിന്നീട് പ്രാദേശിക ഘടകങ്ങളുടെ വർധ നവനുസരിച്ച് ഫർഖകളും കൂടിക്കൊണ്ടിരുന്നു.

ആദ്യം രൂപീകരിക്കപ്പെട്ട ഫർഖകളും അവയിൽ ഉൾപ്പെട്ടിരുന്ന പ്രദേശങ്ങളും.

1. കൊച്ചി (എടവനക്കാട്, കൊച്ചി, പള്ളുരുത്തി, ആലുവ, പെരുമ്പാവൂർ)
2. വളാഞ്ചേരി (പൊന്നാനി, എടപ്പാൾ, വളാഞ്ചേരി)
3. തിരൂർ (കൊടിഞ്ഞി, തിരൂർ, താനൂർ, പൊന്മുണ്ടം)
4. മുള്ള്യാകുർശി (മലപ്പുറം, കൂട്ടിലങ്ങാടി, മങ്കട, തിരൂർക്കാട്, മുള്ള്യാകുർശി, രാമ പുരം, മങ്കട പള്ളിപുറം)

5. മണ്ണാർക്കാട്
6. ബത്തേരി
7. കൊണ്ടോട്ടി (ഫറൂഖ്, പുളിക്കൽ, കൊണ്ടോട്ടി)
8. കോഴിക്കോട് (കുന്ദമംഗലം, മൂഴിക്കൽ, കക്കോടി, കോഴിക്കോട്)
9. ചേന്ദമംഗല്ലൂർ (കൊടിയത്തൂർ, മാവൂർ, ചേന്ദമംഗല്ലൂർ)
10. കുറ്റ്യാടി (വാണിമേൽ, ആയഞ്ചേരി, കുറ്റ്യാടി)
11. വളപട്ടണം (പയങ്ങാടി, പാപ്പിനിശ്ശേരി, വളപട്ടണം, മുട്ടം)
12. കാസർകോട് (ഉപ്പിനങ്ങാടി, മംഗലാപുരം, കാസർകോട്)

## നാല് പ്രവർത്തന ജില്ലകൾ

പ്രസ്ഥാനത്തിന്റെ പ്രവർത്തന മേഖല അൽപാൽപമായി വികസിച്ചു വന്നതോടെ ഹൽഖാ അമീറിന് മാത്രം സംസ്ഥാനത്തിന്റെ മുഴുവൻ ഉത്തരവാദിത്വങ്ങളും നേരിട്ട് നിർവഹിക്കാൻ കഴിയാതെ വന്നു. 1960–ൽ നാല് പ്രവർത്തന ജില്ലകളായി വിഭജിക്കുകയും ഓരോന്നിനും പ്രത്യേകം നാസിമുമാരെ നിശ്ചയിക്കുകയും ചെയ്തു.

ഒന്ന്, കണ്ണൂർ – എ.കെ അബ്ദുൽഖാദിർ മൗലവി
രണ്ട്, കോഴിക്കോട് – കെ. മൊയ്തു മൗലവി
മൂന്ന്, പാലക്കാട് – വി.കെ.എം ഇസ്സുദ്ദീൻ മൗലവി
നാല്, തിരുകൊച്ചി – കെ. അബ്ദുസ്സലാം മൗലവി

തിരുകൊച്ചി കൂടുതൽ വിസ്തൃതമായ പ്രദേശമായതിനാൽ അവിടെ കെ. അബ്ദുസ്സലാം മൗലവിയെ സഹായിക്കാൻ ആലുവയിലെ ടി.കെ മുഹമ്മദ് സാഹിബിനെയും നിശ്ചയിച്ചിരുന്നു. നാസിമുകൾ ഹൽഖാ അമീറിന്റെ നേതൃത്വത്തിൽ എല്ലാ മാസത്തിലും യോഗം ചേരുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഭാവി പരിപാടികൾക്ക് രൂപംനൽകുകയും ചെയ്യും. നാല് പ്രവർത്തന ജില്ലകളും നാസിമുമാരും ഉണ്ടായതോടെ പ്രവർത്തനങ്ങൾക്ക് കൂടുതൽ വ്യവസ്ഥാപിതത്വവും സജീവതയുമുണ്ടായി. ജമാഅത്തെ ഇസ്‌ലാമിയുടെ കേരളത്തിലെ വളർച്ചയുടെ പ്രധാനപ്പെട്ട ഒരു ഘട്ടമായിരുന്നു അറുപതുകൾ. ഈ വളർച്ചയുടെ ഭാഗമായിട്ടായിരുന്നു, എടയൂരിൽനിന്ന് കോഴിക്കോട്ടേക്ക് കേന്ദ്ര ഓഫീസ് മാറ്റിയത്. ഹാജി സാഹിബ് മരണപ്പെട്ടതുകൊണ്ടല്ല, ഓഫീസ് എടയൂരിൽനിന്ന് മാറ്റിയത്. 1957 മെയ്യിൽ അഖിലേന്ത്യാ അമീർ മൗലാനാ അബുല്ലൈസ് സാഹിബിന്റെ അധ്യക്ഷതയിൽ കൊച്ചിയിൽ നടന്ന യോഗത്തിൽ കോഴിക്കോട് പരിസരത്ത് സൗകര്യപ്പെടുന്ന സ്ഥലത്തായിരിക്കണം ഓഫീസ് എന്ന് തീരുമാനിച്ചിരുന്നു. ഹാജി സാഹിബ് മരണപ്പെട്ട ശേഷമാണ് കേന്ദ്രമാറ്റം സാധ്യമായത്. സാമ്പത്തിക പരാധീനത തന്നെയായിരുന്നു തീരുമാനം നടപ്പിലാകാൻ വൈകിയതിന്റെ കാരണം.

## പുതിയ മജ്‌ലിസുശൂറാ

1960 ആഗസ്റ്റിൽ നിലവിലുള്ള മജ്‌ലിസെ മുശാവറയുടെ കാലാവധി അവസാനിച്ചതോടെ പുതിയ ശൂറാംഗങ്ങളെ തെരഞ്ഞെടുത്തു.

1. വി.കെ.എം ഇസ്സുദ്ദീൻ മൗലവി
2. എ.കെ അബ്ദുൽഖാദിർ മൗലവി
3. കെ. മൊയ്തു മൗലവി
4. ടി.കെ അബ്ദുല്ല സാഹിബ്
5. പി. മുഹമ്മദ് അബുൽ ജലാൽ മൗലവി
6. സയ്യിദ് അബ്ദുൽ അഹദ് സാഹിബ്

7. കെ. അബ്ദുസ്സലാം മൗലവി
8. വി.പി അബ്ദുല്ല സാഹിബ്
9. ടി. മുഹമ്മദ് സാഹിബ്
10. അബ്ദുർറഹ്മാൻ അസ്ഗറലി സാഹിബ്

ജമാഅത്ത് ഓഫീസിൽ സെക്രട്ടറി എന്ന നിലയിൽ ഹൽഖാ അമീറിനെ സഹായിക്കാൻ അസ്ഗറലി സാഹിബായിരുന്നു നിശ്ചയിക്കപ്പെട്ടത്. ടി. മുഹമ്മദ് സാഹിബ് പ്രബോധനം പത്രാധിപരും ടി.കെ അബ്ദുല്ല സാഹിബ് സഹപത്രാധിപരുമായി വരുന്നത് ഇക്കാലത്താണ്. ഐ.പി.എച്ച്, *പ്രബോധനം*, പ്രസ് എന്നിവയുടെ മാനേജർ ചുമതല എനിക്കായിരുന്നു.

1960 അവസാനിക്കുമ്പോൾ മലബാറിലെ ഏതാണ്ടെല്ലാ പ്രധാന സ്ഥലങ്ങളിലും ജമാഅത്തിന് പ്രവർത്തകരും ഘടകങ്ങളും ഉണ്ടായിക്കഴിഞ്ഞിരുന്നു.

1960 ഡിസംബറിൽ, 19 പ്രാദേശിക ജമാഅത്തുകളും 126 അംഗങ്ങളുമാണ് കേരളത്തിൽ ജമാഅത്തിനുണ്ടായിരുന്നത്. കോഴിക്കോട്, കുന്ദമംഗലം, കുറ്റ്യാടി, വാണിമേൽ, വേങ്ങേരി, കക്കോടി, കോട്ടിക്കുളം, കൊണ്ടോട്ടി, കീഴുപറമ്പ്, തിരൂർ, വളാഞ്ചേരി, മുള്ള്യാകുർശി, മമ്പാട്, പാലക്കാട്, കൂട്ടിലങ്ങാടി, കൊച്ചി, തായിക്കാട്ടുകര, പള്ളിക്കര എന്നിവിടങ്ങളിലുള്ള 18 പ്രാദേശിക ജമാഅത്തുകൾക്ക് പുറമെ കേന്ദ്ര ജമാഅത്തും കൂടിയതായിരുന്നു 19 എണ്ണം. ചെമ്മനാട്, പയങ്ങാടി, പെരിങ്ങാടി, കൊടുവള്ളി, ചേന്ദമംഗല്ലൂർ, മുട്ടം, ബത്തേരി, വേങ്ങപ്പള്ളി, മീനങ്ങാടി, കൊടിഞ്ഞി, ചേറൂർ, മഞ്ചേരി, മലപ്പുറം, തിരൂർക്കാട്, കൂരിപ്പൊയിൽ, ആലത്തൂർ, ഇരിമ്പിളിയം, മൂഴിക്കൽ, എടവിലങ്ങ്, ആലപ്പുഴ, ചൊക്ലി, രാമപുരം, കുറ്റിപ്പുറം എന്നീ 23 സ്ഥലങ്ങളിൽ ഓരോ അംഗം വീതവും ഉണ്ടായിരുന്നു.

കോഴിക്കോട്, കുന്ദമംഗലം, കുറ്റ്യാടി, വാണിമേൽ, വേങ്ങേരി, കക്കോടി, കോട്ടിക്കുളം, ചെമ്മനാട്, പഴയങ്ങാടി, പെരിങ്ങാടി, കൊടുവള്ളി, ചേന്ദമംഗല്ലൂർ, മുട്ടം, പാലേരി, വേളം, പൈങ്ങോട്ടായി, വളപട്ടണം, പള്ളിക്കര, ഇരിക്കൂർ, കണ്ണൂർ, ഉപ്പിനങ്ങാടി, കുമ്പള, മാവൂർ, നന്മണ്ട, ഓമശ്ശേരി, മൂഴിക്കൽ, ചേളന്നൂർ, ശിവപുരം, കാരന്തൂർ, കൊണ്ടോട്ടി, കീഴുപറമ്പ്, ചേറൂർ, കണ്ണമംഗലം, മുറയൂർ, നീറാട്, തൃക്കളയൂർ, തിരൂർ, പറവണ്ണ, ചേന്ദര, പൊന്മുണ്ടം, ബി.പി അങ്ങാടി, താനൂർ, കൊടിഞ്ഞി, പറപ്പൂർ, രണ്ടത്താണി, കന്മനം, പുറത്തൂർ, വളാഞ്ചേരി, ഇരിമ്പിളിയം, എടയൂർ, എടപ്പാൾ, കോലളമ്പ്, മാറഞ്ചേരി, പൊന്നാനി, ചാവക്കാട്, ബത്തേരി, മേപ്പാടി, വേങ്ങപ്പള്ളി, മലപ്പുറം, കൊങ്ങാട്, കൂരിപ്പൊയിൽ, ശാന്തപുരം, കരുവാരക്കുണ്ട്, കാളികാവ്, വടക്കാങ്ങര, മക്കരപറമ്പ്, കൂട്ടിലങ്ങാടി, മങ്കട, പള്ളിപ്പുറം, മഞ്ചേരി, നിലമ്പൂർ, മണ്ണാർക്കാട്, അലനല്ലൂർ, പടപ്പറമ്പ്, വണ്ടൂർ, വാണിയമ്പലം, ആലത്തൂർ, തോണിപ്പാടം, കോടൂർ, പാലക്കാട്, രാമപുരം, തിരൂർക്കാട്, കുന്നക്കാവ്, മേലാറ്റൂർ, മമ്പാട്, കാളാവ്, ഒറ്റപ്പാലം, കാട്ടുമുണ്ട, ചേങ്ങോട്ടൂർ, കടന്നമണ്ണ, കൊച്ചി, പാറത്തോട്, പുറക്കാട്, പാണാവള്ളി, വടുതല, പള്ളുരുത്തി, എടവനക്കാട്, തായിക്കാട്ടുകര, പള്ളിക്കര, ആലുവ, തോട്ടുമുഖം, കുഞ്ഞിനിക്കര, വടക്കേകര, മൂവാറ്റുപുഴ, കുഞ്ഞിതൈ, കൊച്ചുകടവ്, എടവിലങ്ങ്, അഴീക്കോട്, എറിയാട്, അത്താണി, തളിക്കുളം, വാടാനപ്പള്ളി, എടമുട്ടം, കൈപ്പമംഗലം, മാരേക്കാട്, പുത്തൻചിറ, കരുവണ്ണൂർ, കൂളിമുട്ടം, കോതപറമ്പ്, പെരുമ്പാവൂർ എന്നീ 118 ഹൽഖകളിലായി 1278 ഔദ്യോഗിക അനുഭാവികളുമുണ്ടായിരുന്നു.

1960-ൽ നാല് വനിതാ ഘടകങ്ങളും 41 അനുഭാവിനികളും മാത്രമാണ് കേരള

ത്തിൽ ജമാഅത്തിന് ഉണ്ടായിരുന്നത്. ആ പ്രസ്ഥാനമാണ് ഇപ്പോൾ, 2010ൽ ലക്ഷ ക്കണക്കിന് സ്ത്രീകളെ ഒരുമിച്ച് കൂട്ടി, സ്ത്രീകളുടെ മാത്രം സംഘാടനത്തോടെ ഐതിഹാസികമായ കേരള വനിതാ സമ്മേളനം നടത്തിയത്. യാഥാസ്ഥിതിക മത സംഘടനകളുടെയും പുരോഹിതന്മാരുടെയും മറ്റും ശക്തമായ എതിർപ്പുകളും കു പ്രചാരണങ്ങളും മറികടന്നാണ് നാല് വനിതാ ഘടകങ്ങളിൽനിന്ന് ജമാഅത്ത് ഇ ത്രയും വളർന്നത്. വനിതാ സമ്മേളനത്തിന്റെ വിമർശകർക്ക് മറുപടി വളർച്ചയുടെ ഈ ചരിത്രം തന്നെമതി.

**പിൻകുറി:** 'നാൾവഴികളിലെ അവ്യക്തത' എന്ന തലക്കെട്ടിൽ കെ.പി കുഞ്ഞിമ്മൂസ എഴുതിയ കത്ത് വായിച്ചു. ബ്രണ്ണൻ കോളേജിൽനിന്ന്, ആലിഹാജി പള്ളിക്കു സമീ പത്തെ മുസ്‌ലിം ലീഗ് ഓഫീസിലേക്ക് ഒരു കിലോമീറ്ററിൽ കുറഞ്ഞദൂരം മാത്രമേ യുള്ളൂ. അതുതന്നെയാണ് ഞാൻ പോകാറുണ്ടായിരുന്ന ലീഗ് ഓഫീസ്. എം.എസ്. എഫിനെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചതായിരിക്കാം ശരി. അക്കാലത്ത് അപൂർവമായി മാത്രമാണല്ലോ കമ്മിറ്റി യോഗങ്ങൾ ചേരാറുള്ളത്. ബാക്കി വിഷയങ്ങളിൽ ഞാൻ പറഞ്ഞതിന്റെ വിശദീകരണം മാത്രമാണ് കുഞ്ഞിമ്മൂസ സാഹിബ് എഴുതിയിട്ടുള്ള ത്; അദ്ദേഹത്തിന്റെ പ്രതികരണത്തിന് നന്ദി. അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. ■

(തുടരും)

sadarvzkd@yahoo.co.in